www.malankaralibrary.com

വാല്യം : 12
ലക്കം : 3

2022
ആഗസ്റ്റ് –
സെപ്റ്റംബർ



# സാന്തോം
# വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 92 –ാമത് പുനരൈക്യ
വാർഷികം തിരുവല്ല അതിരൂപതയുടെ ആതിഥേയത്വത്തിൽ
തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് നടന്നു.

www.malankaralibrary.com



# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

## ഉള്ളടക്കം


1. സർക്കുലർ.................................... 3
2. എം. സി. വൈ. എം.......................... 22
3. വിശ്വാസധാര .................................. 28
4. കുടുംബപ്രേഷിത കാര്യാലയം .............. 29
5. സോഷ്യൽ സർവ്വീസ്.......................... 30
6. സെമിനാരി വാർത്തകൾ ..................... 32

www.malankaralibrary.com





# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

2022 ആഗസ്റ്റ് – സെപ്റ്റംബർ

വാല്യം : 12, ലക്കം : 03

**Editor**

**Fr. Sebastian Ambasseril**

**Ph: 9447267433**

*email : santhomvoicepta@gmail.com*

# മലങ്കര സുറിയാനി കത്തോലിക്കാ സഭ
# സണ്ടേസ്കൂൾ ദിനം - 2022

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം !

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഈ വർഷത്തെ വിശ്വാസപരിശീലന ദിനം ആഗസ്റ്റ് മാസം 7-ാം തീയതി നാം ആചരിക്കുകയാണല്ലോ. തിരുസഭയുടെ ചരിത്രത്തിൽ വേദോപദേശ ത്തിനടിസ്ഥാനമിട്ട പുണ്യവാനാണ് ലിയോൺസിലെ വി. ഐറേനിയോസ്. ഈ വർഷം ആരംഭത്തിൽ അദ്ദേഹത്തെ സാർവത്രിക സഭയുടെ വേദപാരംഗതനായി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിക്കുകയുണ്ടായി. അപ്പസ്തോലിക പ്രബോധനങ്ങളുടെ വിശദീകരണം എന്ന പേരിൽ സഭയുടെ ആദ്യ മതബോധന ഗ്രന്ഥം എഴുതിയ ഈ പുണ്യവാൻ ചരിത്രത്തിലൂടെ ദൈവം മനുഷ്യനെ പഠിപ്പിക്കുന്നതിനെപ്പറ്റി വിശദമായി സംസാരിക്കുന്നുണ്ട്. മനുഷ്യന്റെ വീഴ്ചകളെയും പരാജയങ്ങളെയും കണക്കിലെടുക്കാതെ ദൈവം മനുഷ്യചരിത്രത്തോടൊപ്പം നടക്കുന്നു. വീഴ്ചകളിൽ നിന്ന് കരകയറാൻ സഹായിക്കുന്നു. അവന്റെ നന്മകളെ പരിപോഷിപ്പിക്കുന്നു. എങ്കിലും പാപങ്ങളിൽ നിന്ന് അവന് കരകയറാൻ സാധിക്കുന്നില്ല എന്ന് കാണുമ്പോൾ സ്വന്തം പുത്രനെ മനുഷ്യനിലൊരുവനായി അയച്ച്, അവന്റെ പീഡാനുഭവവും മരണവും വഴി മനുഷ്യവംശത്തെ രക്ഷിക്കുന്നു. ദൈവം മനുഷ്യനോടൊപ്പം ക്ഷമാപൂർവ്വം യാത്രചെയത്, സാവകാശം സ്വയം വെളിപ്പെടുത്തി മനുഷ്യനെ പഠിപ്പിക്കുകയാണെന്ന് വി. ഐറേനിയോസ് വിശദീകരിക്കുന്നുണ്ട്. ജീവിതത്തിലെ കയ്പുനിറഞ്ഞ അനുഭവങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും നമ്മെ പഠിപ്പിച്ച് പൂർണ്ണതയിലേക്ക് എത്തിക്കുന്ന ദൈവത്തിന്റെ പരിശീലന പദ്ധതിയെപ്പറ്റി ഹെബ്രായ ലേഖനത്തിലും പറയുന്നുണ്ട്(ഹെബ്രാ

www.malankaralibrary.com


12:213). സഹയാത്ര ചെയ്യുന്ന ദൈവത്തിന്റെ ചിത്രമുള്ള മറ്റൊരു വേദഭാഗമാണ് ലൂക്കാ 24- ൽ നാം വായിക്കുന്ന എമ്മാവൂസ് അനുഭവം. മറ്റൊരു ഗ്രാമത്തിലേക്ക് നിരാശയും ദു:ഖിതരുമായി യാത്ര ചെയ്യുന്ന രണ്ട് ശിഷ്യന്മാരോടൊപ്പം ഉത്ഥാനം ചെയ്ത് യേശു ഒരു അപരിചിതനെപ്പോലെ യാത്ര ചെയ്യുന്നു. അവരുടെ വിഷമങ്ങളെല്ലാം കേട്ട്, ദൈവവചനം അവർക്ക് വിശദീകരിച്ചു കൊടുത്ത്, തന്റെ പീഡാനുഭവത്തെ ദൈവീകമായി മനസ്സിലാക്കാൻ അവരെ സഹായിക്കുന്നു. വിശുദ്ധ ഐറേനിയോസ് പറയുന്ന, ഒപ്പം യാത്ര ചെയ്ത് സാവകാശം സ്വയം വെളിപ്പെടുത്തുന്ന, ക്ഷമയോടെ പഠിപ്പിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ സുവിശേഷ ഭാഗത്തിൽ നാം കാണുന്നത്.

അസ്വസ്ഥതകൾ ഏറിവരുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഇത് ഏറ്റവുമധികം ബാധിക്കുന്നത് നമ്മുടെ ഇളം തലമുറയെ ആണ്. ഒരു വശത്ത് ജീവിതത്തിന്റെ സുരക്ഷിതത്വം നഷ്ടപ്പെടുന്നത് അവരെ അലട്ടുന്നുണ്ട് മഹാമാരിയുടെ പലവിധമായ ഫലങ്ങൾ, ചുറ്റും വർദ്ധിച്ചുവരുന്ന വെറുപ്പിന്റെയും അക്രമത്തിന്റെയും അന്തരീക്ഷം, പരസ്പര ബന്ധങ്ങളിൽ നിന്ന് ചോർന്നുപോയിരിക്കുന്ന വിശ്വസ്തത, ഇങ്ങനെ പലതും അരക്ഷിതത്വത്തിന്റെ ആഴം കൂട്ടുന്നുണ്ട്. മറുവശത്ത് സമകാലീന ലോകം അവരെ അനവധി കുറുക്കുവഴികൾ കണ്ടെത്താൻ പ്രലോഭിപ്പിക്കുന്നുമുണ്ട്. പരീക്ഷകൾ മറികടന്ന് സ്ഥാനമാനങ്ങൾ നേടാനുള്ള എളുപ്പവഴികൾ, ജീവിത മൂല്യങ്ങളെ മറന്നും വിജയം നേടാനുള്ള കുറുക്കുവഴികൾ ഒക്കെ ഇന്നത്തെ തലമുറ ഇളം പ്രായത്തിൽ തന്നെ പഠിച്ചെടുക്കുന്നു. യുവത്വത്തിലേക്ക് കാൽവയ്ക്കുമ്പോൾ സമർപ്പണബോധം ലവലേശമില്ലാത്ത താൽക്കാലിക ബന്ധങ്ങളിലൂടെ മറ്റുള്ളവരെ മുതലെടുക്കുന്നതിനും, മനുഷ്യസമ്പർക്കം പോലും ആവശ്യമില്ലാത്ത ഡിജിറ്റൽ സാമൂഹ്യ ബന്ധങ്ങളിൽ തൃപ്തിപ്പെടുന്നതിനും, ഒന്നിന്റെയും ഉത്തരവാദിത്തം ഏറ്റെടുക്കാതെ എന്തും ചെയ്യാൻ സ്വാതന്ത്ര്യം ഉണ്ടെന്ന് ഭാവിക്കുന്നതിനും അവർ ശീലിക്കുന്നു. ദേശാഭിമാനം, മതം എന്ന പേരുകളിൽ ഇന്ന് മിക്കപ്പോഴും വിൽക്കപ്പെടുന്നത് വെറുപ്പും

www.malankaralibrary.com



വിദ്വേഷവുമാണ്. കഥയില്ലാത്ത മൂല്യങ്ങളെപ്രതിയുള്ള എടുത്തുചാട്ടങ്ങൾ വീരകൃത്യങ്ങളായി കൊണ്ടാടപ്പെടുന്നു. ദൈവാഭിമുഖ്യവും ജീവിത മൂല്യങ്ങളും പകർന്നുകൊടുക്കുന്ന യഥാർത്ഥ മതബോധനം, വിശ്വാസരൂപീകരണം, ഏറ്റവും പ്രയാസമേറിയ ഒന്നായി മാറിയിരിക്കുന്നു.

പ്രയാസങ്ങളുടെ ഈ കാലത്തേയും പ്രത്യാശയോടെ കാണാനണ് എമ്മാവൂസിലേക്കുള്ള വഴിയിൽ നാം കണ്ടുമുട്ടുന്ന യേശു നമ്മെ പഠിപ്പിക്കുന്നത്. ഇളം തലമുറയെ വിശ്വാസത്തിൽ വളർത്തുന്ന ശുശ്രൂഷയിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവർക്കും ഏറ്റവും ഉന്നതമായ മാതൃക അവിടുന്ന് തന്നെയാണ്. എത്ര ക്ഷമയോടെയാണ് അവിടുന്ന് ആ ശിഷ്യന്മാരുടെ ആവലാതികൾ ശ്രദ്ധിക്കുന്നത്! വിശ്വാസപരിശീല കർക്ക് ഏറ്റവും ആവശ്യം ഇളം തലമുറയെ കേൾക്കന്നതിനുള്ള ക്ഷമയാണ്. യേശു ചെയ്യുന്നതുപോലെ അവരോടൊപ്പം നടക്കണം. അവരുടെ പ്രശ്നങ്ങൾ കേൾക്കണം. ഗുരു മത്രം സംസാരിക്കുകയും ശിഷ്യന്മാർ കേട്ട് പഠിക്കുകയും ചെയ്യുന്ന പഴയകാല മാതൃകകൾ നാം ഉപേക്ഷിച്ചേതീരു. പരസ്പരം കേൾക്കുന്ന യഥാർത്ഥ സംഭാഷണങ്ങൾ ഉണ്ടാകുമ്പോഴാണ് സന്ദേശങ്ങൾ ജീവിതത്തെ തൊടുന്ന രീതിയിൽ കൈമാറാൻ സാധിക്കന്നത്. യേശു ക്ഷമയോടെ കേൾക്കുന്നു എന്നതുപോലെ പ്രധാനമാണ് അവിടുന്ന് നൽകുന്ന മറുപടിയും മോശ മുതൽ എല്ലാപ്രവചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെക്കുറിച്ച് എഴുതിയിരുന്നതെല്ലാം അവൻ അവർക്ക് വിശദീകരിച്ചുകൊടുത്തു എന്നാണ് ലൂക്കാ എഴുതുന്നത്(24,27)ശിഷ്യന്മാരുടെ ആശയക്കുഴ പ്പങ്ങളിലേക്ക് യേശു പുതിയ ആശയങ്ങൾ ചേർക്കുകയല്ല, അവിടുന്ന് സംസാരിക്കുന്നത് എഴുതപ്പെട്ട വചനത്തിൽ നിന്നാണ്. ഇന്നത്തെ ലോകം അഭിപ്രായങ്ങൾക്ക് ക്ഷാമമില്ലാത്ത ഒന്നാണ്. എന്തു വിഷയങ്ങളെക്കുറിച്ചും ആവശ്യത്തിലധികം അഭിപ്രായങ്ങൾ സമൂഹ മാധ്യമങ്ങളിൽ കണ്ടും കേട്ടുമാണ് നമ്മുടെ കുട്ടികൾ വളരുന്നത്. അവർക്ക് ജീവിതത്തെക്കുറിച്ച് കാഴ്ചപ്പാട് നൽകാൻ വിശ്വാസപരി ശീലകർ അവരുടെ സ്വന്തം അഭിപ്രായങ്ങൾ കൂടി പങ്കുവെയ്ക്കുകയല്ല

www.malankaralibrary.com


വേണ്ടത് ദൈവവചനത്തോടെ കുട്ടികളെ അടുപ്പിക്കുകയാണ്. വചനത്തിന്റെ വെളിച്ചത്തിൽ സ്വന്തം ജീവിത്തെയും നിയോഗത്തെയും തിരിച്ചറിയാനുള്ള വിവേകം ഇളംതലമുറയ്ക് നൽകാൻ ഉതകുന്നതാകണം നമ്മുടെ വിശ്വാസപരിശീലന സമീപനം. ഇതിനായി വിശ്വാസപരിശീലകർ പ്രാർത്ഥനാപൂർവ്വം തങ്ങളെത്തന്നെ ഒരുക്കുകയും ദൈവവചനം ജാഗ്രതയോടെ പഠിക്കുകയും വേണം. പാഠഭാഗങ്ങളെ ദൈവവചനത്തിന്റെ വെളിച്ചത്തിൽത്തന്നെ വിശദീകരിച്ച് നൽകാനുള്ള നല്ല ഒരുക്കം അവർക്കുണ്ടാകണം.

ക്രിസ്തീയ വിദ്യാഭ്യാസം വെറും സംഭാഷണം മാത്രമല്ലന്നും എമ്മാവൂസ് സംഭവം നമുക്ക് കാണിച്ചുതരുന്നുണ്ട്. യേശുവും ശിഷ്യന്മാരുമായുള്ള സംഭാഷണം അവസാനിക്കുമ്പോൾ ശിഷ്യന്മാർ തങ്ങളോടൊപ്പമുള്ള അപരിചിതനെ തങ്ങളുടെ ഭക്ഷണവും വിശ്രമസ്ഥലും പങ്കുവയ്ക്കാനായി ക്ഷണിക്കുന്നു. പങ്കുവയ്പിന്റെ ആ നിമിഷത്തിൽ ആ അപരിചിതനിൽ യേശുവിന്റെ സാന്നിദ്ധ്യം അവർ തിരിച്ചറിയുകയും ചെയ്യുന്നു. കൂട്ടായ്മയുടെ വേദികളിൽ നിന്ന് വിട്ടുനിൽക്കാൻ നമ്മെ നിർബന്ധിതരാക്കിയ ഒരു കാലം കഴിഞ്ഞ്, ഒരുമിച്ച് ചേരുന്ന അനുഭവങ്ങൾ നാം തിരികെ പിടിച്ച ഒരു വർഷമാണ് കടന്നുപോകുന്നത്. ഈ വരുന്ന വർഷം കൂട്ടായ്മയുടെ വേദികൾ വർദ്ധിപ്പിക്കുന്നതിന് നമുക്ക് ശ്രമിക്കാം. സൺഡേസ്കൂളിന്റെയും എം. സി. സി. എൽ. ന്റെയും വാർഷീക കർമ്മ പദ്ധതികൾ കൂടുതൽ ഏകീകരിക്കുന്നത് കുട്ടികളുടെ കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. പാഠങ്ങൾ പങ്കുവച്ച് സുവിശേഷത്തെക്കുറിച്ച് അറിവു നേടുന്നതും പരസ്പര സ്നേഹ ത്തിന്റെ പാഠങ്ങൾ കൂട്ടായ്മയിൽ ജീവിച്ചു പഠിക്കുന്നതും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണ്. വിശ്വാസപരിശീല കരും അജപാലകരും പരസ്നേഹപ്രവർത്തികളിലും പൊതുനന്മ യ്ക്കായി ചെയ്യുന്ന കാര്യങ്ങളിലും കുട്ടികൾ ഒരുമിച്ചു വരുന്ന കൂടു തൽ വേദികൾ കണ്ടെത്താൻ മുൻകൈയ്യെടുക്കണം എന്ന് സ്നേഹ

www.malankaralibrary.com



പൂർവ്വം ഓർമ്മിപ്പിക്കുന്നു.

അപ്പം മുറിക്കുമ്പോൾ അവർ അവനെ തിരിച്ചറിഞ്ഞു എന്ന വാചകം വിശുദ്ധ കുർബാനയെ ആണ് ഓർമ്മിപ്പിക്കുന്നത്. നമ്മുടെ സഭയിലും പാരമ്പര്യത്തിലും നാം ഒരിക്കലും വിശ്വാസപരിശീലന പദ്ധതിയെയും ആരാധനാകർമ്മങ്ങളിലുള്ള സജീവപങ്കാളിത്തത്തെയും വേർതിരിച്ചു കണ്ടിരുന്നില്ല. ഇത് നമുക്ക് വിട്ടുവീഴ്ച ചെയ്യാനാകാത്ത ഒന്നാണ്. സണ്ടേസ്കൂളിന്റെ യഥാർത്ഥമായ ലക്ഷ്യം ഒരു വാർഷിക പരീക്ഷയിൽ മികച്ച മാർക്ക് വാങ്ങുന്നതോ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതോ അല്ല, മറിച്ച് യേശുവുമായുള്ള വ്യക്തി ബന്ധത്തിൽ കുട്ടികൾ വളരുക എന്നതാണ്. വിശ്വാസ കൂട്ടായ്മയിലേക്ക് കുട്ടികൾ എത്തുമ്പോൾ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോടൊപ്പം എന്ന പോലെ അവിടുന്ന് കരുണാപൂർവ്വം വചനത്തിലും കൂദാശായിലും അവരോടൊപ്പം നടക്കുന്നു. തന്റെ വിട്ടുപിരിയാത്ത സ്നേഹത്തിലേക്ക് അവരെ ചേർത്തുനിർത്തുന്നു. ഈ സ്നേഹത്തിൽ തങ്ങളുടെ ചോദ്യങ്ങൾക്കുള്ള മറുപടിയും, പ്രശ്നങ്ങൾക്കുള്ള പരിഹാരവും മുറിവുകൾക്കുള്ള മരുന്നും കണ്ടെത്താൻ കുഞ്ഞുങ്ങളെ ഒരുക്കുക എന്നതു മാത്രമാണ് വിശ്വാസപരിശീലകർക്ക് ചെയ്യാനുള്ളത്. യേശുവുമായി ആഴത്തിലുള്ള അടുപ്പം അവരുടെ സ്നേഹത്തെ വിശുദ്ധീകരിക്കുകയും അവരുടെ സാമൂഹ്യ ബന്ധങ്ങളെ യഥാർത്ഥമായ പങ്കുവയ്പിന്റെ ആഴങ്ങളിലേക്ക് കൊണ്ടുപോവുകയും ചെയ്യും. വിശ്വാസപരിശീലന വേദികളെ കുട്ടികൾക്ക് സാമൂഹ്യമായി മെച്ചപ്പെടുത്തുന്നതിനും അവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനുമുള്ള മറ്റൊരു വേദി മാത്രമായി കാണുന്ന ഒരു പ്രവണത ഇക്കാലത്ത് വർദ്ധിച്ചുവരുന്നുണ്ട്. ഈ കെണിയിൽ വീണുപോകാതെ ഈ ശുശ്രൂഷയുടെ ആത്മീയമായ വശങ്ങളിലേക്ക് കൂടുതൽ ശ്രദ്ധിക്കണമെന്ന് അജപാലകരെയും വിശ്വാസ പരിശീലകരെയും മാതാപിതാക്കളെയും നാം ഉദ്ബോധിപ്പിക്കുന്നു.

ഒന്നുകൂടി ഓർമ്മിപ്പിക്കട്ടെ, ദൈവം ക്ഷമാപൂർവ്വം മനുഷ്യനോടൊപ്പം സഞ്ചരിച്ച് തന്നെത്തന്നെ സാവധാനം വെളിപ്പെടുത്തി അവനെ പഠിപ്പിക്കുന്ന ഒരു അനുഭവമായാണ് വിശ്വാസപരിശീലനത്തെ ഇവിടെ നാം തിരിച്ചറിയാൻ ശ്രമിക്കുന്നത്. ക്ഷമ ഒരു പ്രധാന ആശയ

www.malankaralibrary.com



മാണ്. എല്ലാറ്റിനും എളുപ്പവഴികൾ തേടാൻ ഈ ലോകം നമ്മുടെ ഇളം തലമുറയെ പരിശീലിപ്പിച്ചു കൊണ്ടിരിക്കുന്ന കാലമാണിത്. ഇന്റർനെറ്റ് എന്ന മായാ ലോകം ഈ എളുപ്പവഴികൾ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്നു. സുവിശേഷം മുന്നോട്ട് വയ്ക്കുന്ന സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും പാഠങ്ങൾ മറന്ന് വീറും വാശിയുമുള്ളവരായിത്തീരാൻ ഇന്നത്തെ സംസ്കാരവും രാഷ്ട്രീയക്രമവും നമ്മുടെ കുട്ടികളെ ഉത്തേജിപ്പിക്കുന്നു. ഇതിനെല്ലാം പകരം തങ്ങളുടെ തന്നെ ജീവിത പരിസരങ്ങളെ ക്ഷമയോടെയും സമചിത്തതയോടെയും കാണാൻ നാം കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. തങ്ങളുടെ വീഴ്ചകളെയും പരാജയങ്ങളെയും യഥാർത്ഥ്യബോധത്തോടെ അംഗീകരിക്കാനും ധൈര്യപൂർവ്വം നേരിടാനും അവർ കരുത്ത് നേടണം. തോൽവികളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് സ്ഥിരോത്സാഹത്തോടെ മുന്നേറാനുള്ള വിവേകം അവർക്കുണ്ടാകണം. എപ്പോഴും വിജയം നേടുന്നതിലുപരി ദൈവേഷ്ടമനുസരിച്ച് ഫലം പുറപ്പെടുവിക്കുന്നതിൽ (യോഹ 15:5) നന്മയുള്ളവരായി തീരുന്നതിൽ അവർ സന്തോഷം കണ്ടെത്തണം. വേദനകളിലും സഹനങ്ങളിലും അധ്വാനത്തിലും നിരാശരാകാതെ, കരുതലുള്ള അപ്പനെപ്പോലെ തങ്ങളെ ഉറ്റുനോക്കുന്ന പിതാവായ ദൈവത്തിൽ അവർക്ക് പ്രത്യാശ നിറഞ്ഞ വിശ്വാസമുണ്ടാകണം. അവിടുന്ന് അവരുടെ സ്വാതന്ത്ര്യത്തെ അപഹരിക്കുകയോ അവരെ ശിക്ഷിക്കുന്നതിൽ ഉത്സാഹിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, തന്റെ പരിശുദ്ധിയിൽ അവരെ പങ്കുകാരാക്കുന്നതിനായി അവരെ പരിശീലിപ്പിക്കുകയാണ്, പ്രതികൂലമെന്ന് തോന്നുന്ന അനുഭവങ്ങളിലൂടെപ്പോലും (ഹെബ്രാ 12:10)

പ്രിയപ്പെട്ട മാതാപിതാക്കളെ, ദൈവം നമ്മുടെ മക്കളെ പരിശീലിപ്പിക്കുന്ന ഈ ശുശ്രൂഷയിൽ അവിടുത്തോടൊപ്പം സഹകരിക്കുന്നതിനുള്ള ചുമതല പ്രധാനമായും നിങ്ങളുടേതാണ്. സഭയിലെ പൊതുവായ പരിശീലന പദ്ധതികൾ ഈകാര്യത്തിൽ നിങ്ങൾക്കുള്ള സഹായങ്ങൾ മാത്രമാണ്. നമ്മുടെ കുടുംബങ്ങളുടെ ക്രിസ്തീയമായ ദൗത്യത്തിന്റെ പരമ പ്രധാനമായ ഈ ഭാഗം നന്മയുള്ള പുതുതലമുറ

www.malankaralibrary.com


കളെ വാർത്തെടുക്കുന്ന ഉത്തരവാദിത്തം, കൂടുതൽ ശ്രദ്ധയോടും സമർപ്പണത്തോടും നമുക്ക് ഒരിക്കൽ കൂടി ഏറ്റുവാങ്ങാം. ഈ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും ശുശ്രൂഷകൾക്കായുള്ള ധനസമാഹരണ പരിപാടിയിൽ ഔദാര്യപൂർവ്വം സഹകരിക്കുവാനും ഈ വിശ്വാസപരിശീലനദിനം നമ്മെ പ്രചോദിപ്പിക്കട്ടെ.

പ്രിയപ്പെട്ട അജപാലകരെ, മറ്റു വിശ്വാസപരിശീലകരെ, അതിപ്രധാനമായ ഈ ശുശ്രൂഷയിൽ നമ്മെ പങ്കുകാരാക്കുകയും അതിനായി ഒരുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നല്ലവനായ ദൈവത്തെ നമുക്ക് മഹത്വപ്പെടുത്താം. ഈ ശുശ്രൂഷ സജീവമായും ഫലപ്രദമായും നിലനിർത്തുന്നതിനായി നിങ്ങൾ ഏറ്റെടുത്തിരിക്കുന്ന ത്യാഗങ്ങളെ നമ്മുടെ സഭയും സമൂഹവും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് ദൈവത്തോടൊപ്പം നടക്കുന്നതിനും അവിടുന്നിൽ നിന്ന് പഠിക്കുന്നതിനും സാധിക്കുന്ന ഒരു സമൂഹം രൂപപ്പെടുത്തുന്നതിൽ നമുക്ക് തുടർന്നും ഒരുമിച്ച് ഉത്സുകരാകാം. ദൈവം നിങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങൾ എല്ലാവരുടെയും സന്തോഷത്തിനും നന്മയ്ക്കുമായിപ്രർത്ഥിക്കുന്നു. വിശ്വാസപരിശീലനദിനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

**തോമസ് മാർ യൗസേബിയോസ്**

(മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ )

www.malankaralibrary.com


Ref: 3750/K-5/KCBC/OL/DS 19.08.2022

## കേരള സഭാനവീകരണം 2022–2025 കെസിബിസി പുറപ്പെടുവിക്കുന്ന 3–ാമത് സർക്കുലർ

കേരളസഭാനവീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ദൈവകൃപയാൽ സുഗമമായി മുന്നോട്ടു പോകുകയാണല്ലോ. കെ.സി.ബി.സി.യിലെ അഭിവന്ദ്യ പിതാക്കന്മാരും എല്ലാ വൈദികരും സന്ന്യസ്തരും അല്മായ വിശ്വാസിസമൂഹവും നവീകരണപ്രക്രിയയിൽ വിശ്വാസ തീക്ഷ്ണതയോടും ആവേശത്തോടുംകൂടെ കൈകൾ കോർത്തു പ്രവർത്തിക്കുകയാണ്. സംസ്ഥാനതലത്തിൽ ആരംഭിച്ച നവീകരണത്തിന്റെ പ്രാരംഭ നടപടികൾ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ള ടീമംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിലേക്ക് വ്യാപിച്ചു കൊണ്ടിരിക്കുന്നു.

ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും നമ്മൾ ആരംഭിച്ചിരിക്കുന്ന ഈ നവീകരണ പ്രക്രിയ കൂടുതൽ സജീവവും ഫല പ്രദവുമാകാൻ ആത്മീയമായ ഒരു മുന്നേറ്റം നമുക്കാവശ്യമുണ്ട്. നവീകരിക്കപ്പെട്ട് ഒരു പുതിയ സൃഷ്ടിയായിത്തീരുക എന്നത് മനുഷ്യന്റെ പ്രയത്നം കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല. ദൈവത്തിന്റെ കരുണയാണ് നമ്മെ നവീകരണത്തിലേക്കു നയിക്കുന്നത്. നമ്മെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിച്ചുകൊണ്ടും പ്രാർത്ഥനയിലും അനുതാപത്തിലും ദൈവസന്നിധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ദൈവത്തിന്റെ കാരുണ്യം നമ്മൾ യാചിക്കേണ്ടിയിരിക്കുന്നു.

അപ്പോസ്തല പ്രമുഖനായ വിശുദ്ധ പത്രോസ് ഓർമ്മിപ്പിക്കുന്നതുപോലെ, ക്രിസ്തുവിലുള്ള നവജീവൻ പ്രാപിക്കു ന്നതിന് എതിരായിട്ടുള്ളതെല്ലാം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു (1 പത്രോ. 2:2). അനുതാപമെന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന ഒരു മാറ്റമാണ്. ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനാകുന്ന അവസ്ഥ എന്നാണ് യേശു അതിനെ വിശേഷിപ്പിച്ചിട്ടുള്ളത് (മത്താ. 18:3). പ്രാർത്ഥനയിലൂടെയും

www.malankaralibrary.com



അനുതാപത്തി ലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും മാത്രമേ നമുക്ക് ദൈവപിതാവിനോട് ചേർന്നു നില്ക്കാൻ കഴിയുകയുള്ളൂ. കേരളസഭാനവീകരണത്തിന്റെ പ്രാരംഭകാലത്തു തന്നെ തീവ്രമായ ആത്മീയ ഒരുക്കത്തിനു സഹായകമാകുന്ന ചിലകാര്യങ്ങൾ നമുക്കു നിർവഹിക്കാൻ കഴിയും.

## നാല്പതുദിവസത്തെ പ്രാർത്ഥനാചരണവും പൂർണദണ്ഡവിമോചനവും

സഭയെ നിരന്തരം നയിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ക്രിസ്തുവിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. ക്രിസ്തുവാണ് നവീകരണ ത്തിന്റെ ഉറവിടവും കേന്ദ്രവും. ക്രിസ്തുകേന്ദ്രീകൃതവും സാഹോദര്യത്തിലും അനുരഞ്ജ നത്തിലും അധിഷ്ഠിതവും പ്രേഷിതാഭിമുഖ്യവുമുള്ള ഒരു ജീവിതശൈലി യിലേക്കാണ് ഈ നവീകരണകാലം നമ്മെ ക്ഷണിക്കുന്നത്. അതുകൊണ്ട് നവീകരണത്തിന്റെ ഈ പ്രാരംഭഘട്ടത്തിൽ നാല്പതു ദിവസം നീണ്ടുനില്ക്കുന്ന പ്രാർത്ഥനാ-പരിത്യാഗ പ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കുന്നു. 2022 സെപ്തംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള ദിവസങ്ങളിലായി കേരള കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളും കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിയണമെന്ന് സ്നേഹപൂർവം അഭ്യർ ത്ഥിക്കുന്നു.

ഈ നാല്പതുദിവസങ്ങളിൽ ഒരു ദിവസം ഒരു രൂപതയ്ക്കു വേണ്ടി എന്നക്രമത്തിൽ പ്രത്യേകമാംവിധം നിശ്ചയി ച്ചിട്ടുണ്ട്. ഓരോ രൂപതയും അവർക്ക് നിശ്ചയിക്കപ്പെട്ട പ്രസ്തുത ദിനത്തിൽ ആ രൂപതയിലെ എല്ലാ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും സ്വന്തം രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വേണ്ടത്ര ഭക്തിയോടും ഒരുക്കത്തോടും കൂടെ അന്നേ ദിവസം കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചുകൊണ്ട് പ്രാർത്ഥി ക്കുന്ന വിശ്വാസികൾക്ക് തിരുസഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡ വിമോചനം ലഭിക്കുന്നതാണെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല കേരള ത്തിലെ മറ്റെല്ലാ രൂപതകളും അന്നേദിവസം അവർ അർപ്പിക്കുന്ന ദിവ്യബലിയിലും മറ്റു പ്രാർത്ഥനകളിലും നിശ്ചയിക്കപ്പെട്ട രൂപതയ്ക്കുവേണ്ടി പേരെടുത്തു പറഞ്ഞ് പ്രാർത്ഥി ക്കുന്നു. അപ്രകാരം ഒരു രൂപതയ്ക്കുവേണ്ടി മറ്റെല്ലാ രൂപതകളും പ്രാർത്ഥിക്കുന്ന അനുഭവം

www.malankaralibrary.com



ക്രിസ്തുവിന്റെ ഏക ശരീരമായ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും പ്രാർത്ഥന യുടെ ഈ ഐക്യത്തിൽ ഒന്നുചേരുന്ന നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് കോർത്തിണക്കി ആദിമസഭാ ചൈതന്യം നമ്മളിൽ ജ്വലിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ 32 രൂപതകളെയും ഈ പ്രാർത്ഥനാദിനങ്ങളിൽ പ്രത്യേകം ഓർത്തു പ്രാർഥിച്ചതിനുശേഷമുള്ള 8 ദിനങ്ങളിൽ പ്രത്യേക പൊതുനിയോഗങ്ങൾക്കുവേണ്ടിയും നാം പ്രാർഥിക്കുന്നു. അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ പൊതുനിയോഗങ്ങളും ഉൾപ്പെടുത്തിട്ടുണ്ട്.

## ഒക്ടോബർ മാസാചരണം

പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തിനും ജപമാല ആചരണത്തിനുമായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്ടോബർ മാസാചരണത്തിലൂടെ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ കുടുംബങ്ങളെയും കേരള സഭ മുഴുവനെയും നമുക്ക് ഭരമേല്പിക്കാം. ഒക്ടോബർ മാസാചരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും പഠിപ്പിച്ചുകൊണ്ട് 1891 സെപ്തംബർ 22ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 'ഒക്ത്തോബ്രി മെൻസേ' എന്ന പേരിൽ പുറപ്പെ ടുവിച്ച ചാക്രികലേഖനത്തിൽ ഇങ്ങനെ പറയുന്നു: "പുത്രനിലൂടെയല്ലാതെ ഒരുവനും പിതാവിലേക്കു പോകുന്നില്ല. അതുപോലെ, ക്രിസ്തുവിലേക്ക് ഒരുവനും അവിടുത്തെ അമ്മയിലൂടെയല്ലാതെ പോകുന്നില്ല" (n. 4). പീഡിതരെയും തകർന്നവരെയും ദൈവ കാരുണ്യത്തിലുള്ള പ്രത്യാശയിലേക്ക് പിടിച്ചുയർത്താൻ വേണ്ടത്ര കാരുണ്യമുള്ള അമ്മയും മദ്ധ്യസ്ഥയുമാണ് പരിശുദ്ധമറിയം. ദൈവത്തിന്റെയും മനുഷ്യരുടെയും മാതാ വായ മറിയത്തിനു മുൻപിൽ ക്രൈസ്തവ ലോകം നിരന്തരം പ്രാർത്ഥനകൾ ചൊരിയണമെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (LG 69).

2022 ഒക്ടോബർ ഒന്നാം തിയതി മുതൽ 31-ാം തിയതി വരെ കേരള കത്തോലിക്കാ സഭാംഗങ്ങൾ മുഴുവൻ ഏകഹൃദയത്തോടും തീവ്രമായ ഭക്തിയോടുംകൂടെ ജപമാല പ്രാർത്ഥനചൊല്ലി പ്രാർത്ഥിക്കുന്നു. അപ്രകാരം ഈ ജപമാല പ്രാർത്ഥനയിലൂടെ സന്തോഷത്തിന്റെയും സന്താപത്തിന്റെയും മഹത്വത്തിന്റെയും ദൈവിക വെളിപാടുകളുടെയും മഹാരഹസ്യങ്ങളിൽ യേശു

www.malankaralibrary.com


വിനോടുചേർന്നു പങ്കുവഹിച്ച പരിശുദ്ധ മറിയത്തോടൊപ്പം നമ്മളും ധ്യാനപൂർവ്വം പങ്കുചേരുന്നു.

## വിമലഹൃദയ പ്രതിഷ്ഠ

2022 ഒക്ടോബർ 31-ാം തിയതി തിങ്കളാഴ്ച ജപമാല യജ്ഞത്തിന്റെ സമാപന ദിനത്തിൽ ഓരോ രൂപതയെയും അതത് രൂപതകളുടെ അദ്ധ്യക്ഷന്മാർ പരിശുദ്ധ ദൈവ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുന്നു. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലി മദ്ധ്യേയാണ് ഈ പ്രതിഷ്ഠ നടത്തേണ്ടത്. പാലാരിവട്ടം പി.ഒ.സി. ചാപ്പലിൽ അന്നേദിനം വൈകുന്നേരം 5 മണിക്ക് അർപ്പിക്കുന്ന ദിവ്യബലി മധ്യ കേരള കത്തോലിക്കാസഭയെ മുഴുവനായും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കും. കേരള സഭാനവീകരണ യജ്ഞത്തിൽ പരിശുദ്ധ മറിയം നമ്മോടൊത്തു യാത്ര ചെയ്യുകയും നമുക്കുവേണ്ടി നിരന്തരം തന്റെ പുത്രന്റെ സന്നിധിയിൽ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യട്ടെ. സഭയെയും സമൂഹത്തെയും നമ്മുടെ കുടുംബങ്ങളെയും നമ്മെ ഓരോരുത്തരെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിച്ചു പ്രാർത്ഥിക്കാം.

## യൗസേപ്പിതാവിന്റെ മാതൃക

ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും മാധ്യസ്ഥത്തിനുമായി കേരളസഭയെ മുഴുവനായും നമ്മെ ഓരോരുത്തരെ വ്യക്തിപരമായും സമർപ്പിക്കാം. ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ദൈവികനിയമങ്ങളോട് കണിശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിന്റെ നീതിബോധം നമ്മുടെ വിശ്വാസജീവിതത്തിന് മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേല്പിച്ച മറിയത്തെ അപമാനിതയാകാൻ വിട്ടുകൊടുക്കാതെ അവളുടെ സ്ത്രീത്വത്തെ ആദരിച്ച യൗസേപ്പിതാവ് സഭയുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷകനാണ്. വിശുദ്ധ യൗസേപ്പിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തിന്റെയും മാതൃക ഈ നവീകരണ കാലത്ത് നമ്മുക്ക് സഹായകമാകട്ടെ.

## വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനം

www.malankaralibrary.com



കേരളസഭയിലെ മുഴുവൻ വൈദികരെയും സന്ന്യസ്തരെയും ദൈവതിരുമുൻപിൽ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ഈ നവീകരണ കാലത്ത് നമ്മൾ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നാല്പതുദിവസത്തെ പ്രത്യേക പ്രാർത്ഥനാചരണ ദിവസങ്ങളിൽ ഒരു ദിവസം വൈദികർക്കും സന്ന്യസ്തർക്കുമായി സമർപ്പിക്കാം. ഓരോ രൂപതയുടെയും അധ്യക്ഷന്മാർ അതിനായി ഒരു പ്രത്യേകദിനം കണ്ടെത്തി രൂപതാംഗങ്ങളെ അറിയിക്കുന്നതാണ്.

## ഉപസംഹാരം

ആത്മീയമായ ഒരുക്കത്തോടെ പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പിതാവിനോടും ചേർന്ന് കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്ക് മുന്നേറാം. ഇവരുടെ മാതൃകയും മദ്ധ്യസ്ഥതയും നമുക്ക് തുണയായിരിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

**ഒക്ടോബർ 5 പ്രാർത്ഥനാ ദിനം**

**കെസിബിസി പ്രഖ്യാപിച്ച സഭാ നവീകരണത്തിന്റെ ഭാഗമായി കേരള സഭ മുഴുവനും 2022 ഒക്ടോബർ 5-ാം തീയതി ബുധനാഴ്ച പത്തനംതിട്ട രൂപതയുടെ നവീകരണത്തിനായി പ്രാർത്ഥിക്കുന്നു. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയുടെ ആഹ്വാനമനുസരിച്ച് ഒക്ടോബർ മാസം പത്തനംതിട്ട രൂപതയ്ക്ക് വേണ്ടി പ്രത്യേകമാം വിധം പ്രാർത്ഥിക്കുന്ന മാസമാണ്.**

**നാം ചെയ്യേണ്ടത്......**

- **പത്തനംതിട്ട ഭദ്രാസനത്തിനു വേണ്ടി വിശുദ്ധകുർബാന അർപ്പിച്ച് പ്രാർത്ഥിക്കുക.**
- **ഇടവകകളിൽ ദിവ്യകാരുണ്യ ആരാധന നടത്തി പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി പ്രാർത്ഥിക്കുക.**
- **വ്യക്തിപരമായും പ്രാർത്ഥനാകൂട്ടായ്മകളിലും ജപമാല ചൊല്ലി പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി പ്രാർത്ഥിക്കുക.**

Ref: 3783/K-5/KCBC/OL/DS

20.09.2022

**കേരളത്തിലെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ**

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021-ലെ റിപ്പോർട്ട് അനുസരിച്ച് ചഉജട (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരിസംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധനവ് ലഹരി ഉപയോഗം കനത്തതോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കുന്നുണ്ട്. 2020 ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീ യുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹ്യതിന്മയെ

www.malankaralibrary.com


കുറിച്ച് നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല, മറിച്ച് കുടുംബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ സാമൂഹ്യവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധി ഷ്ഠിതമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തോടു കൂടി ഈ സാമൂഹ്യ വിപത്തിന്റെ ഭീകരതയെ മനസിലാക്കാനും ഇതിന്റെ വ്യാപനത്തെ പ്രതിരോധിക്കാൻ കർമപദ്ധതികൾ ആവിഷ്കരിക്കാനും സഭാതനയർ ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

**ലഹരിമരുന്നുകളുടെ വ്യാപനം**

മയക്കുമരുന്നിന്റെ വലിയ വിപണിയായി നമ്മുടെ സമൂഹം മാറുകയാണ്. നമ്മുടെ തുറമുഖങ്ങളിൽ നിന്നും വിമാനത്താവളങ്ങളിൽ നിന്നും പിടിക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളും, നഗര, ഗ്രാമ വ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യപ്പെടുന്ന മയക്കുമരുന്നിന്റെ ഉപഭോഗവും വിപണനവും സംബന്ധിച്ച നിരവധി കേസുകളും ഇത് വ്യക്തമാക്കുന്നു.

മുൻകാലങ്ങളിൽ കഞ്ചാവുപോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെ പോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽനിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്.

തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന തിരിച്ചറിവില്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നതെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ

www.malankaralibrary.com


നിഗമനം. ഉന്മേഷത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായികളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം കണ്ടെത്താനും കുട്ടികൾ നിർബ്ബന്ധിതരാകുന്നു. ക്രമേണ മയക്കുമരുന്ന് വിപണന സംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനം പോലും ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണ നാശത്തിലേക്കും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണ് നയിക്കുന്നതെന്നതാണ് വാസ്തവം.

**സഭയുടെ നിലപാട്**

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ട് തിന്മയാകുന്നു എന്നതിനെകുറിച്ച് കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്ക് ലഹരി വസ്തുക്കളിൽ ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്ക് ചുറ്റുമുള്ള മനുഷ്യരെ കുടുംബ തലത്തിലും, സാമൂഹിക തലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (YOUCAT 389). 2016-ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കാനും, നൈമിഷിക

www.malankaralibrary.com



സുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു. മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നു കാണിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിന് കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. മയക്കു മരുന്ന് ഉപയോഗവും അതിലുള്ള അടിമത്തവും തിന്മയാണ്. ഇക്കാരണത്താൽ തന്നെയാണ് ലഹരിവസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവ ധർമ്മമായി തിരുസഭ വീക്ഷിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം.

**പ്രായോഗിക സമീപനങ്ങൾ**

നമ്മുടെ സാംസ്കാരിക സാമൂഹിക ഔന്നത്യത്തെയും ക്രമസമാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും ഭാവിയെയുമെല്ലാം ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക തിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂഹിക സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽമാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധ തലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.

**കുടുംബതലം:**

കുടുംബങ്ങളിലാണ് ലഹരി ഉപയോഗവും അടിമത്തവും സംബന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ

www.malankaralibrary.com


കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം.

**സംഘടനാതലം:**

മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളികളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പി ക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ, ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻനിറുത്തി സംഘടനാ തലത്തിൽ ലഹരി വിരുദ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽകണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് വ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തിയെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വഴി സാധിക്കണം. ലൈംഗിക ചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ, മലങ്കര കാത്തലിക്ക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റ് സഭാ സംഘടനകളും ഈ ലക്ഷ്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതു സ്ഥലങ്ങളും മയക്കുമരുന്ന്

www.malankaralibrary.com



വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തന തലങ്ങളിലേയ്ക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റ് സംഘടനകളും ഔദ്യോഗിക സംവിധാനങ്ങളുമായി യോജിച്ചുപ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ:** എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിന്റെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരി വിമുക്തമാണെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മാനേജുമെന്റുകൾക്കു കീഴിലുള്ള സ്കൂളുകളിലും കോളേജുകളിലും പ്രവർത്തനസജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുകയും ലഹരിവിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയങ്ങളിലും പരിസരപ്രദേശങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്ക് കടന്നുവരുന്ന അപരിചിതരെയും നിരീക്ഷണ വിധേയമാക്കണം. മാത്രമല്ല, മയക്കുമരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയങ്ങളിൽ ക്രമീകരിക്കുകയും വേണം.

**സഭാസംവിധാനങ്ങൾ:**

സഭയുടെ കേന്ദ്രീകൃത സംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖലാ-രൂപതാ തലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്ന് വ്യാപനത്തെ പ്രതിരോധിക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണമെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാ സമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തിക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ

www.malankaralibrary.com



അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരി സാധ്യതകൾക്കും അനുബന്ധ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠ ക്ളാസുകളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹ്യപ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യമാണ്.. വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐ ടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതും പോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമതഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്ത സമൂഹത്തിനുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്ത കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്നവരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണസംവിധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനു കഴിയണം.

നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവം,
കർദിനാൾ ജോർജ് ആലഞ്ചേരി
പ്രസിഡന്റ്, കെസിബിസി

ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ
വൈസ് പ്രസിഡന്റ്, കെസിബിസി
ബിഷപ് ഡോ. ജോസഫ് മാർ തോമസ്
സെക്രട്ടറി ജനറൽ, കെസിബിസി

www.malankaralibrary.com



## എം. സി. വൈ. എം.

**സ്വാതന്ത്ര്യ ദിനാഘോഷം**

എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം കാട്ടൂർ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് സമുചിതമായി ആഘോഷിച്ചു. എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ ദേശീയ പതാക ഉയർത്തി. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അദ്ധ്യക്ഷത വഹിച്ചു. ബിബിൻ ഏബ്രഹാം, ലിജോ ഫിലിപ്പ്, അലീന ജോസഫ്, ബെനതി, ആൽബി ഷോജി, അലക്സാ രാജൻ എന്നിവർ പ്രസംഗിച്ചു.

**മാർ ഈവാനിയോസ് ക്വിസ്**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്മരണാർത്ഥം എല്ലാ വർഷവും നടത്തിവരാറുള്ള മാർ ഈവാനിയോസ് ക്വിസ് ജൂലൈ 24 ന് വൈദിക ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. ഒ. എം ആർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തിയ ക്വിസ് മത്സരത്തിൽ വൈദിക ജില്ലാ കോർഡിനേറ്റർമാർ നിരീക്ഷകരായി പങ്കെടുത്തു. പ്രസ്തുത ക്വിസ് മത്സരത്തിൽ യഥാക്രമം പുത്തൻപീടിക, ഏറത്തുമ്പമൺ, സീതത്തോട് എന്നീ യൂണിറ്റുകൾ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

**പേപ്പർ പ്രസന്റേഷൻ മത്സരം**

എം. സി. വൈ. എം. സഭാതല സമിതിയുടെ ആഹ്വാനപ്രകാരം പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി "കമ്പ്യൂട്ടറും യുവതയും കൃഷിയും" എന്ന വിഷയത്തിൽ പേപ്പർ പ്രസന്റേഷൻ മത്സരം നടത്തപ്പെട്ടു. ഭദ്രാസന അടിസ്ഥാനത്തിൽ നടത്തപ്പെട്ട മത്സരത്തിൽ പ്രക്കാനം യൂണിറ്റ് അംഗങ്ങൾ ആയ റിയാ സജി ഒന്നാം സ്ഥാനവും സനു കെ. സാമുവേൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**ഐക്യദാർഢ്യം**

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തിന് നേരെ കരിനിഴൽ വീഴ്ത്തുന്ന ഭരണകൂടത്തിന്റെ നീക്കത്തിനെതിരെ വിഴിഞ്ഞം കേന്ദ്രീ

www.malankaralibrary.com


കരിച്ച് മത്സ്യതൊഴിലാളികൾ നടത്തുന്ന സമരത്തിന് എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**തൂലിക 2022**

എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങളുടെ രചനാ വൈഭവത്തെ പരിപോഷിപ്പിക്കുന്നതിനായി തൂലിക 2022 രചനാ മത്സരങ്ങൾ നടത്തപ്പെട്ടു.

**സമസ്യ 2022**

എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സമസ്യ 2022 ഗ്രാൻഡ് ഫിനാലെ സെപ്റ്റംബർ 11 ഞായറാഴ്ച ഉച്ചയ്ക്ക് 2.00 മണി മുതൽ പുത്തൻപീടിക മഡോണ ഇന്റർനാഷണൽ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയാ പതാലിൽ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു. പ്രസ്തുത മത്സരത്തിൽ നെടുമൺകാവ്, വടശ്ശേരിക്കര, ഏറതുമ്പമൺ യൂണിറ്റുകൾ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ഹെസദ് 2022 മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജനസംഗമം സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം. സി. വൈ. എം. ന്റെ സഭാതല യുവജന ദിനാഘോഷവും, യുവജന സംഗമത്തിന്റെയും സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം ആനന്ദപ്പള്ളിയിൽ വെച്ച് സെപ്റ്റംബർ 25 ഞായറാഴ്ച നടത്തപ്പെട്ടു. പ്രസ്തുത ആഘോഷങ്ങളുടെ ഏകീകരണത്തിനായുള്ള സ്വാഗതംസംഘം ഓഫീസ് സഭാതല സമിതിയുടെ ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. സഭാതല സമിതിയുടെ പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി അദ്ധ്യക്ഷത വഹിച്ചു.

**പുനരൈക്യ വാർഷിക ദിനാഘോഷവും അന്തർദേശീയ യുവജന കൺവൻഷനും**

തിരുവല്ലയിൽ വെച്ച് നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 92 -ാമത് പുനരൈക്യ വാർഷിക ആഘോഷങ്ങളിലും 31-ാമത് അന്തർദേശീയ യുവജന കൺവൻഷനിലും എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വ

www.malankaralibrary.com


ത്തിൽ യുവജനങ്ങൾ പങ്കെടുത്തു. ഭദ്രാസന ഡയറക്ടർ, പ്രസിഡന്റ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## മാതൃവേദി

**ഭാരവാഹികളുടെ യോഗം നടന്നു**

മാതൃവേദി ഭാരവാഹികളുടെ മീറ്റിംഗ് സെപ്റ്റംബർ മാസം 6-ാം തീയതി ഉപാസനയിൽ വച്ച് അഭിവന്ദ്യ ഡോ. സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി. എല്ലാ ജില്ലാ ഡയറക്ടർമാരും സിസ്റ്റർ ആനിമേറ്റർമാരും മീറ്റിംഗിൽ പങ്കെടുത്തു.

**ജപമാല പ്രദക്ഷിണം**

2022 ഒക്ടോബർ 23-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് മാതൃവേദിയുടെ നേതൃത്വത്തിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സീതത്തോട് മാർ ഈവാനിയോസ് ഐ. ടി. ഐ. ൽ നിന്നും സീതത്തോട് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലേക്ക് ജപമാല പ്രദക്ഷിണം നടത്തപ്പെടുന്നു.

**മാതൃസംഗമവും ഏകദിന ധ്യാനവും**

നമ്മുടെ ഭദ്രാസനത്തിലെ അമ്മമാരുടെ സംഗമവും ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കുന്ന ഏകദിന ധ്യാനവും ഒക്ടോബർ മാസം 29-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ മൈലപ്ര തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

## ജില്ലാ വാർത്തകൾ

**സീതത്തോട് വൈദിക ജില്ല**

ജില്ലയുടെ നേതൃത്വത്തിൽ സമസ്യ ക്വിസ് നടത്തപ്പെട്ടു. ഒന്നാം സ്ഥാനം സീതത്തോട് യൂണിറ്റും രണ്ടാം സ്ഥാനം ചിറ്റാർ യൂണിറ്റും മൂന്നാം സ്ഥാനം ആങ്ങമൂഴി യൂണിറ്റും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ....

www.malankaralibrary.com


**നൈറ്റ് വിജിൽ**

ആഗസ്റ്റ് 14 ന് വൈകിട്ട് 6.00 മുതൽ ആഗസ്റ്റ് 15 രാവിലെ 6.00 വരെ തേക്ക്തോട് ദൈവാലയത്തിൽ വെച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ജില്ലയിലെ എല്ലാ യുവജനങ്ങളും അനുഗ്രഹപ്രദമായ ഈ ശുശ്രൂഷയിൽ സംബന്ധിച്ചു. ബഹുമാനപ്പെട്ട ഷിബു അച്ചൻ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി.

**ആരവം 2022**

എം. സി. വൈ. എം. സീതത്തോട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ തണ്ണിത്തോട് ദൈവാലയത്തിൽ വെച്ച് ഓണാഘോഷം നടത്തപ്പെട്ടു.

**സെന്റ് മേരീസ് ഗായകസംഘം**

എം. സി. വൈ. എം. സീതത്തോട് ജില്ലയുടെ ഔദ്യോഗിക ഗായകസംഘം രൂപീകരിച്ചു. ജില്ലയിലെ എല്ലാ ദൈവാലയങ്ങളിൽ നിന്നുള്ളവർക്ക് പരിശീലനം നൽകി വരുന്നു. ഗായകസംഘം ക്യാപ്റ്റനായി ജിജോ സി. വൈ. നേതൃത്വം നൽകുന്നു. ഫാ. ഫീലിപ്പോസ് ചരിവുപുരയിടത്തിലും ഫാ. വർഗീസ് തയ്യിലും പരിശീലനം നൽകിവരുന്നു.

2022 ആഗസ്റ്റ് 18-ാം തീയതി വ്യാഴാഴ്ച ജില്ലയുടെ സൺഡേസ്കൂൾ രചനാ മത്സരം സീതത്തോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.

2022 സെപ്റ്റംബർ 3 ശനിയാഴ്ച രാവിലെ 8.30 മുതൽ തൂലിക രചനാ മത്സരം സീതത്തോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സെപ്റ്റംബർ 4 ന് ജില്ലയുടെ സൺഡേസ്കൂൾ കലോത്സവം തണ്ണിത്തോട് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

ഒക്ടോബർ മാസം 5 ന് തണ്ണിത്തോട് ദൈവാലയത്തിൽ വച്ച് ജില്ലാ യുവജന കലോത്സവം നടന്നു.

**അഭിനന്ദനങ്ങൾ**

ജില്ലയുടെ സണ്ടേസ്കൂൾ ഡയറക്ടറായി ബഹുമാനപ്പെട്ട ഫാ. വർഗ്ഗീസ് ചാമക്കാലായിൽ, അസ്സി. ഡയറക്ടറായി ഫാ. സ്കോട്ട് സ്ലീബാ ആനിമേറ്ററായി ബഹുമാനപ്പെട്ട റവ. സിസ്റ്റർ ഉദയ ഡി. എം. എന്നിവർ നിയമിതരായി.

www.malankaralibrary.com


### തനിമ

2022 സെപ്റ്റംബർ 4 ന് പാമ്പിനി ദൈവാലയത്തിലും സെപ്റ്റംബർ 10 ന് തണ്ണിത്തോട് ദൈവാലയത്തിലും വച്ച് ജില്ലയുടെ വിവിധ ദൈവാലയങ്ങളിൽ സൺഡേസ്കൂൾ പഠിപ്പിക്കുന്ന യുവജന അധ്യാപകരെ ആദരിച്ചു.

### മാതൃവേദി

സീതത്തോട് വൈദിക ജില്ലയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ മാർ ഈവാനിയോസ് ക്വിസ് മത്സരം ചിറ്റാർ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മത്സരത്തിൽ ഒന്നാം സ്ഥാനം ചിറ്റാർ ദൈവാലയവും, രണ്ടാം സ്ഥാനം വയ്യാറ്റുപുഴ ദൈവാലയവും മൂന്നാം സ്ഥാനം മൂലക്കയം ദൈവാലയവും സ്വന്തമാക്കി.

### എം. സി. എ. പ്രവർത്തന റിപ്പോർട്ട്

**വൈദിക ദിനാഘോഷം** : 2022 ആഗസ്റ്റ് 07 ഞായറാഴ്ച വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഓർമ്മ ആചരിച്ചു. വൈദിക ജില്ലയിലെ ദൈവാലയങ്ങളിൽ ഇടവക വികാരിമാരെ ആദരിച്ചു. അന്നേദിവസം കുമ്പഴ ക്ലർജ്ജി ഹോം എം. സി. എ. ഭാരവാഹികൾ സന്ദർശിച്ച് അവിടെ വൈദികരെ ആദരിച്ചു.

**പുനരൈക്യ വാർഷികം** : 2022 സെപ്റ്റംബർ 21 ന് തിരുവല്ലയിൽ വച്ച് നടത്തപ്പെട്ട പുനരൈക്യ വാർഷികത്തിലും ആഗോള സംഗമത്തിലും സീതത്തോട് വൈദിക ജില്ലയിൽ നിന്നും എം. സി. എ. അംഗങ്ങൾ പങ്കെടുത്തു.

**മാർ ഈവാനിയോസ് ക്വിസ് മത്സരം :** എം. സി. എ. സീതത്തോട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ 2022 ഒക്ടോബർ 29 ന് രാവിലെ 10 മണിക്ക് സീതത്തോട് ദൈവാലയത്തിൽ വച്ച് മാർ ഈവാനിയോസ് ക്വിസ് മത്സരം നടത്തപ്പെട്ടു.

### പത്തനംതിട്ട വൈദിക ജില്ല

പത്തനംതിട്ട വൈദിക ജില്ലയിലെ മേരീമാതാ മാതൃവേദിയുടെ യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ് നമ്മുടെ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് സെപ്റ്റംബർ 24-ാം തീയതി കൂടിയ ഭാരവാഹികളുടെ മീറ്റിംഗ് നടത്തപ്പെട്ടു. ജില്ലയിലെ 21 ഇടവകകളിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

റാന്നി - പെരുന്നാട് വൈദിക ജില്ല

## തിരുശേഷിപ്പ് പ്രതിഷ്ഠ

അധുനാധുനിക യുഗത്തിലെ വാഴ്ത്തപ്പെട്ടവരുടെ ശ്രേണിയിലേക്ക് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഉയർത്തിയ വാഴ്ത്തപ്പെട്ട കാർലോ അകിറ്റസിന്റെ തിരുശേഷിപ്പ് മേക്കൊഴൂർ സെന്റ്. മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഒക്ടോബർ 24-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.00 മണിക്ക് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നതാണ്. ഒക്ടോബർ മാസം 11 മുതൽ 24 -ാം തീയതി വരെ നമ്മുടെ ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിലൂടെ തിരിശേഷിപ്പ് വഹിച്ചുകൊണ്ടുള്ളതായ പ്രയാണം കടന്നുവരുന്നതാണ്.

**2022 ഒക്ടോബർ 11 മുതൽ 24 വരെ**

| | | |
|---|---|---|
| 2022 ഒക്ടോബർ11 ചൊവ്വ | വൈകിട്ട് 6.00 ന് | S.M.C.C പത്തനംതിട്ട |
| 2022 ഒക്ടോബർ 12 ബുധൻ | വൈകിട്ട് 6.00 ന് | S.M.C.C ഇലന്തൂർ |
| 2022 ഒക്ടോബർ 13 വ്യാഴം | വൈകിട്ട് 6.00 ന് | S.M.C.C ഉള്ളന്നൂർ |
| 2022 ഒക്ടോബർ 14 വെള്ളി | വൈകിട്ട് 6.00 ന് | S.M.C.C ആനന്ദപ്പള്ളി |
| 2022 ഒക്ടോബർ 15 ശനി | വൈകിട്ട് 6.00 ന് | S.M.C.C ചന്ദനപ്പള്ളി |
| 2022 ഒക്ടോബർ 16 ഞായർ | വൈകിട്ട് 6.00 ന് | S.M.C.C പൂങ്കാവ് |
| 2022 ഒക്ടോബർ 17 തിങ്കൾ | വൈകിട്ട് 6.00 ന് | S.M.C.C കോന്നി ആനക്കൂട് |
| 2022 ഒക്ടോബർ 18 ചൊവ്വ | വൈകിട്ട് 6.00 ന് | S.M.C.C വകയാർ |
| 2022 ഒക്ടോബർ 19 ബുധൻ | വൈകിട്ട് 5.00 ന് | S.M.C.C എലിമുള്ളുംപ്ലാക്കൽ |
| | വൈകിട്ട് 6.00 ന് | S.M.C.C തണ്ണിത്തോട് |
| 2022 ഒക്ടോബർ 20 വ്യാഴം | വൈകിട്ട് 6.00 ന് | S.M.C.C ചിറ്റാർ |
| 2022 ഒക്ടോബർ 21 വെള്ളി | വൈകിട്ട് 6.00 ന് | S.M.C.C സീതത്തോട് |
| 2022 ഒക്ടോബർ 22 ശനി | വൈകിട്ട 5.00 ന് | S.M.C.C മണിയാർ |
| | വൈകിട്ട 6.00 ന് | S.M.C.C മാമ്പാറ |
| 2022 ഒക്ടോബർ 23 ഞായർ | | S.M.C.C മാമ്പാറ |
| 2022 ഒക്ടോബർ 24 തിങ്കൾ | രാവിലെ 8.30ന് | S.M.C.C വടശ്ശേരിക്കര |
| | രാവിലെ 9.30 | S.M.C.C കുമ്പളാംപൊയ്ക |
| | രാവിലെ 10.30ന് | S.M.C.C ഉതിമൂട് |
| | രാവിലെ 11.30ന് | S.M.C.C മണ്ണാറക്കുളഞ്ഞി |
| | ഉച്ചയ്ക്ക് 12.30ന് | S.M.C.C മൈലപ്ര |
| | ഉച്ചയ്ക്ക് 2.00ന് | S.M.C.C കുമ്പഴ |
| | വൈകുന്നേരം 3.00 ന് | S.M.C.C വല്യയന്തി |
| | വൈകുന്നേരം 4.00 ന് | S.M.C.C കടമ്മനിട്ട |
| | വൈകുന്നേരം 5.00 ന് | S.M.C.C മേക്കൊഴൂർ |

www.malankaralibrary.com



# വിശ്വാസധാര

## വിശ്വാസ പരിശീലന ദിനം

2022-2023 വർഷത്തെ വിശ്വാസ പരിശീലന ദിനം ആഗസ്റ്റ് 7 ഞായറാഴ്ച എല്ലാ ഇടവകകളിലും ആരാധന, കാഴ്ച സമർപ്പണം, കുട്ടികൾക്കായുള്ള വി. കുർബാന, റാലി, വി. മരിയ വിയാനി അനുസ്മരണം, വിവിധ കലാപരിപാടികൾ എന്നിവയോടെ സമുചിതമായി ആചരിച്ചു.

## പ്രഥമാദ്ധ്യാപക, സ്റ്റാഫ് സെക്രട്ടറി സംഗമം

പ്രഥമാദ്ധ്യാപകരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും സംഗമം **ഒക്ടോബർ 2 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച്** നടന്നു. എല്ലാ പ്രഥമാദ്ധ്യാപകരും സ്റ്റാഫ് സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുത്തു. **പത്തനംതിട്ട രൂപതാ ചാൻസിലർ നിയുക്ത കോർ എപ്പിസ്ക്കോപ്പ സെബാസ്റ്റ്യൻ ആമ്പശ്ശേരിലച്ചൻ** ക്ലാസുകൾക്ക് നേതൃത്വം നൽകി

## മെറിറ്റ് ഫെസ്റ്റ് 2022

2022 മെയ് 15 നു നടന്ന **10, 12, ഡിഗ്രി ക്ലാസുകളുടെ വാർഷിക പരീക്ഷയ്ക്കും, 3 മുതൽ 9, 11 ക്ലാസുകളുടെ മത്സരപരീക്ഷയ്ക്കും, രൂപതയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം** നേടിയ കുട്ടികൾക്ക് **ഒക്ടോബർ 2 ഞായറാഴ്ച ഉച്ചക്ക് 2 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് പള്ളിയിൽ വച്ച് സമ്മാനങ്ങൾ നൽകി.**

## എം.സി.സി.എൽ കലോത്സവം

തീയതി : 2022 ഒക്ടോബർ 8 ശനിയാഴ്ച്ച, രാവിലെ 9 മണി മുതൽ

സ്ഥലം : സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, മൈലപ്ര

## ഒന്നാം സെമസ്റ്റർ പരീക്ഷ

2022 ഒക്ടോബർ 30 ഞായറാഴ്ച്ച, ഉച്ചക്ക് രണ്ടു മുതൽ, അതാത് ഇടവകകളിൽ നടത്തപ്പെടുന്നു. ഒന്നാം സെമസ്റ്റർ പരീക്ഷദിനത്തിൽ പ്രോജക്ട് അദ്ധ്യാപകരെ ഏൽപ്പിക്കേണ്ടതാണ്. പ്രഥമാദ്ധ്യാപകർ 10,12 ഡിഗ്രി ക്ലാസുകളുടെ പ്രൊജക്ടുകൾ രൂപതാകാര്യാലയത്തിൽ ഒന്നാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞുള്ള ദിനത്തിൽതന്നെ ഏൽപ്പിക്കേണ്ടതും മത്സരപരീക്ഷയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ പ്രോജക്ടുകൾ, പ്രഥമാദ്ധ്യാപകർ ജില്ലാകേന്ദ്രങ്ങളിൽ മത്സരപരീക്ഷാദിനത്തിൽ ഏൽപ്പിക്കേണ്ടതുമാണ്. (വിശദമായ വിവരങ്ങൾ കുട്ടികളുടെ ഡയറി പേജ് 7, 8 കാണുക.)

## കുടുംബ പ്രേക്ഷിത കാര്യാലയം

2022 ഓഗസ്റ്റ് മാസം 12, 13, സെപ്റ്റംബർ മാസം 10 എന്നീ തീയതികളിൽ പത്തനംതിട്ട സങ്കേത ഭവനിൽ നടത്തപ്പെട്ട വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ അഭിവന്ദ്യ പിതാവിനോടൊപ്പം.





www.malankaralibrary.com



## അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി

anugraha

### അനുഗ്രഹ സുരക്ഷ പ്രോജക്ട് ഉദ്ഘാടനം ചെയ്തു

കേരള സർക്കാരിന്റെ KSACS/ അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി സംയുക്തമായി നടപ്പിലാക്കുന്ന സുരക്ഷ പ്രോജക്ടിന്റെ ഉദ്ഘാടനം കേരളത്തിന്റെ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് നിർവ്വഹിച്ചു. ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സമ്മേളനത്തിൽ, അഭിവന്ദ്യ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു.

### വണ്ടിപ്പെരിയാറിൽ സുക്ഷാ പ്രോജക്ട് ഓഫീസ് ഉദ്ഘാടനം ചെയ്തു.

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇടുക്കി ജില്ല യിൽ നടപ്പിലാക്കുന്ന സുരക്ഷാ പ്രോജക്ട് ഓഫീസ് വണ്ടിപ്പെരിയാ റിൽ ഉദ്ഘാടനം ചെയ്തു. പ്രൊജക്ട് ഡയറക്ടർ ഡോ. രമേശ് ആർ. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. അന്തശി വൻ, ഫാ. വർഗീസ് ചാമക്കാലായിൽ തുടങ്ങിയവർ സംബന്ധിച്ചു.

### അനുഗ്രഹ ഗവേർണിംഗ് ബോർഡ് മീറ്റിംഗ്

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഗവേർണിംഗ് ബോർഡ് മീറ്റിംഗ് പത്തനംതിട്ട ബിഷപ്പ് ഹൗസിൽ വെച്ച് സൊസൈറ്റി പ്രസിഡന്റ് ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്നു. 2021 – 2022 സാമ്പ ത്തിക വർഷത്തിലെ കണക്കുകളും റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് അനുഗ്രഹയുടെ ഭാവി പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്തു.

### അനുഗ്രഹ സമൃദ്ധി പ്രോജക്ട് ഉദ്ഘാടനം ചെയ്തു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പ ത്തീക പ്രതിസന്ധി അനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് സ്വയം സംരംഭം തുടങ്ങുന്നതിനുള്ള അനുഗ്രഹ സമൃദ്ധി പ്രോജക്ട് കേരളാ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

www.malankaralibrary.com


അർഹരായ 100 കുടുംബങ്ങൾക്ക് വരുമാന ദായക സംരംഭങ്ങൾ തുടങ്ങാനുള്ള സാമ്പത്തീക സഹായം മന്ത്രി വിതരണം ചെയ്തു. രൂപതാദ്ധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു. തുടർന്ന് ഗുണഭോക്താക്കൾക്കുള്ള പരിശീലന പരിപാടിയും നടന്നു.

**അതിജീവന സമ്മേളനം**

ഇക്കോ സെൻസിറ്റീവ് സോൺ (ESZ) ഇക്കോ സെൻസിറ്റീവ് ഏരിയ (ESA) ബഫർ സോൺ എന്നീ വിഷയങ്ങളിൽ കേരളത്തിലെ കർഷകരുടെ ആശങ്കകളും പരിഹാര മാർഗ്ഗങ്ങളും അവതരിപ്പിക്കുവാൻ KCBC കൊച്ചി POC യിൽ വച്ച് നടത്തിയ സമ്മേളനത്തിൽ അനുഗ്രഹ ഡയറക്ടർ ഫാ. വർഗ്ഗീസ് ചാമക്കാലായിൽ പങ്കെടുത്തു.

**അനുഗ്രഹ വിദ്യാജ്യോതി സ്കോളർഷിപ്പ് വിതരണം**

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന വിദ്യാജ്യോതി സ്കോളർഷിപ്പിന്റെ ഉദ്ഘാടനം അഭി. ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പഠനത്തിൽ സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കുട്ടികളെയാണ് സ്കോളർഷിപ്പിന് തിരഞ്ഞെടുത്തത്.

**ഭക്ഷ്യ ധാന്യ കിറ്റ് വിതരണ ഉദ്ഘാടനം**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടുകൂടി മഴക്കെടുതിയിൽ ദുരിതം അനുഭവിച്ച കുടുംബങ്ങൾക്കുള്ള ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാദ്ധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

www.malankaralibrary.com



# സെമിനരി വാർത്തകൾ

**NEW PRIEST`S DAY**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയതി പത്തനംതിട്ട രൂപതയിലെ നവ അഭിഷിക്ത രായ 6 വൈദീകർ ചേർന്ന് സെന്റ്. തോമസ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിക്കുകയും സെമിനാരി കുടുംബം ഒന്നടങ്കം അവരെ ആദരിക്കുകയും ചെയ്തു.

ആഗസ്റ്റ് 4 വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിവസം പത്തനംതിട്ട രൂപതയിലെ ക്ലർജ്ജി ഹോമിൽ ബഹു. റക്ടർ അച്ചന്റേയും വൈസ്. റെക്ടർ അച്ചന്റേയും നേതൃത്വത്തിൽ സന്ദർശനം നടത്തുകയും അവർക്ക് തിരുന്നാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.

**വോളിബോൾ മാച്ച്**

ആഗസ്റ്റ് 15 സ്വർഗ്ഗാരോഹണത്തിരുന്നാളിനോടനുബന്ധിച്ച് പത്തനംതിട്ട രൂപതയിലെ വൈദികരും വൈദിക വിദ്യാർത്ഥികളും തമ്മിലുള്ള വോളി ബോൾ മാച്ച് നടന്നു.

## TRANSFER LIST & NEW APPOINTMENTS

| | |
|---|---|
| 1. Fr. Varghese Chamakkalayil | St. Patrick`s MCC, Elanthoor |
| 2. Fr. Zacharia Pushpavilasam | St. Mary's MCC Omalloor, St.Augustin`s MCC, Kaipattoor |
| 3. Fr. Subin Kaleeckal | St. George MCC Ponnamb |
| 4. Fr. Jinu Arapurackal | Delhi, Guargaon Diocese |
| 5. Fr. John Mangalathil | Vice Rector St. Thomas Minor Seminary, Attarikam |
| 6. Fr. Varghese Chamakkalayil | മാതൃവേദി ഭദ്രാസന ഡയറക്ടർ |
| 7. Fr. Varghese Thomas Chamakkalayil | Family Appostolate Director |
| 8. Fr. Mathew Pezhumkoottathil (Anish) | ഭദ്രാസന ജാഗ്രതാ സമിതി ഡയറക്ടർ |

www.malankaralibrary.com





ഉള്ളന്നൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിന്റെ മൂറോൻ കൂദാശ
2022 സെപ്റ്റംബർ മാസം 10-ാം തീയതി അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ്
കാതോലിക്കാ ബാവ നിർവ്വഹിച്ചു. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ,
ആർച്ചു ബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം
എന്നിവർ സഹ കാർമ്മികർ ആയിരുന്നു.



**2022 സെപ്റ്റംബർ മാസം 9–ാം തീയതി**
**അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ്**
**തോട്ടുപുറം ഹോളി ഫാമിലി കത്തോലിക്കാ പള്ളിയുടെ**
**പ്രെസ്ബിറ്ററി സമർപ്പിച്ചു. ഇടവക വികാരി**
**ബഹുമാനപ്പെട്ട ക്രിസ്റ്റി തേവള്ളിൽ അച്ചനേയും ഇടവക സമൂഹത്തെയും**
*ദൈവം അനുഗ്രഹിക്കട്ടെ*

www.malankaralibrary.com

# തീക്ഷ്ണതയോടെ ജപമാല ചൊല്ലി കേരള സഭാ നവീകരണ യജ്ഞത്തിൽ പങ്കാളിയാകുക......



www.malankaralibrary.com